വായിച്ചുകൊടുക്കാൻ

മീട്ടുവിന്റെ സൂത്രം

■ കുസുമം ആർ. പുന്നപ്ര



പതിവുപോലെ രാവിലെ വീട്ടുകാരി അരമതിലിൽ വെച്ചിരുന്ന പാത്രത്തിൽ രാവിലെയുള്ള പ്രാതലിന്റെ ഒരു പങ്ക് കാക്കകൾക്കായി കൊണ്ടുവെച്ചു.

എന്നും പതിവുപോലെ കുടിക്കാനുള്ള പാത്രത്തിൽ വെള്ളവും നിറച്ചു. ഇതു കണ്ട മീനുകാക്ക കാ..കാ.. എന്ന് നീട്ടിവിളിച്ച് എല്ലാവരെയും വരുത്തി. ഓരോരുത്തരായി അവരവരുടെ പങ്ക് കൊത്തിയെടുത്തു. എല്ലാവരും വയറുനിറയെ കഴിച്ചു. വെള്ളവും കുടിച്ച് അടുത്തുള്ള തെങ്ങിലെ ഓലയിൽ കുശലം പറഞ്ഞിരിക്കുമ്പോളാണ് മീട്ടു അവിടേക്ക് പറന്നു വന്നത്.

അവൻ വന്നപാടെ പാത്രത്തിൽ നോക്കി. അതിലൊന്നും കണ്ടില്ല. അവന് ദേഷ്യവും സങ്കടവും ഒരുമിച്ചു വന്നു. തെങ്ങിലെ ഓലയിൽ ചെന്നിരുന്നു മറ്റുള്ളവരോട് പറഞ്ഞു: "എനിക്ക് അൽപ്പം പോലും നിങ്ങൾ ബാക്കിവെച്ചില്ലല്ലോ..."

മീനുകാക്ക അവനോട് പറഞ്ഞു: "ഇന്നലെയും ഇതുതന്നെയല്ലേ നീ പറഞ്ഞത്. നിന്നോടു പറഞ്ഞിട്ടില്ലേ, പതിവായി ആ വീട്ടുകാരി തീറ്റ കൊണ്ടുവെയ്ക്കുന്ന സമയത്തുതന്നെ വരണമെന്ന്. ഞാനെല്ലാവരെയും വിളിച്ചു. നീ മാത്രം വന്നില്ല."

കൂലി എന്ന നോവൽ രചിച്ചതാര്– മുൽക് രാജ് ആനന്ദ്

"ഞാനപ്പോൾ സുഖമായി ഉറങ്ങുകയായിരുന്നു." മീട്ടു പറഞ്ഞു.

മീനു പറഞ്ഞു: "ഞങ്ങളെല്ലാം നേരത്തെ എണീക്കുമ്പോൾ നീ മാത്രം എണീക്കാതിരുന്നതുകൊണ്ടല്ലേ അങ്ങനെ സംഭവിച്ചത്"

മീട്ടു ആരുമായി ഒന്നും പറയാതെ നേരെ പാത്രം ഇരുന്നിടത്തുചെന്ന് അത് കൊത്തി താഴെയിട്ടു.

വീട്ടുകാരി പുറത്തിറങ്ങി നോക്കിയപ്പോൾ പാത്രം താഴെ വീണു കിടക്കുന്നതാണ് കണ്ടത്. മറ്റുള്ള കാക്കകളെല്ലാം പറന്നു പോയി. മീട്ടു തൊട്ടടുത്ത മാവിൽ പതുങ്ങിയിരുന്നു.

വീട്ടുകാരി വിചാരിച്ചു, പാത്രം താഴെ വീണ് കാക്കകൾക്ക് കൊടുത്ത ഭക്ഷണം എല്ലാം താഴെ തൂവിപ്പോയി എന്ന്. അവർ വീണ്ടും കുറച്ചു ഭക്ഷണം കൂടി പാത്രത്തിലാക്കി അരമതിലിൽ കൊണ്ടുവെച്ചു. മീട്ടു പതുക്കെ പറന്നുവന്ന് വയറു നിറയെ തിന്നിട്ട് പറന്നു പോയി.

പിറ്റെ ദിവസവും മീട്ടു ഇതു തന്നെ ആവർത്തിച്ചു. പാത്രത്തിൽ വീണ്ടും ഭക്ഷണം ഇട്ടുകൊടുത്തിട്ട് വന്ന് വീട്ടുകാരി വീട്ടുകാരനോട് പറഞ്ഞു: "അവിടെ താഴെയെങ്ങും ഭക്ഷണം വീണു കിടന്നതായി കണ്ടില്ല. ഞാൻ നോക്കുമ്പോൾ ഒരു കാക്കമാത്രം രണ്ടാമത് കൊണ്ടുവെച്ച ഭക്ഷണം കഴിക്കുന്നത് കണ്ടു."

വീട്ടുകാരൻ പറഞ്ഞു: "വരട്ടെ, കണ്ടുപിടിക്കാം എന്താണ് സംഭവിക്കുന്നതെന്ന്. നാളെ ഞാൻ പറയുന്നതുപോലെ ചെയ്യണം."

ഇവരുടെ സംഭാഷണം കേട്ട മീനു കാക്ക മീട്ടുവിനോട് പറഞ്ഞു: "നീ കാണിക്കുന്നത് ഒട്ടും ശരിയല്ല. വീട്ടുകാരിയും വീട്ടുകാരനും കൂടി പറയുന്നതെല്ലാം ഞാൻ കേട്ടു. നാളെ നീ ഇത് ആവർത്തിക്കരുത്. നീ അൽപ്പം നേരത്തെ വന്നാൽ മതി. ഞങ്ങളോടൊപ്പം വീട്ടുകാരി തരുന്ന ഭക്ഷണം കഴിക്കാം. അവരെ എല്ലാ ദിവസവും ഇങ്ങനെ കബളിപ്പിക്കരുത്."

മീട്ടു പറഞ്ഞു: "എന്റെ കാര്യം ഞാൻ നോക്കിക്കോളാം, മീനു അതിൽ ഇടപെടേണ്ട."

"പക്ഷേ ഒരു കാര്യം, നീ ഒരുത്തൻ കാരണം ഇത്രയും പേർക്കുമുള്ള ആഹാരം മുട്ടിക്കരുത്. എല്ലാ ദിവസവും ഒരാളെ പറ്റിക്കാമെന്നും കരുതേണ്ട!"

പിറ്റെ ദിവസം വീട്ടുകാരി അരമതിലിൽ ഭക്ഷണം വെച്ചിട്ട് അൽപ്പം മാറി നിന്നു. പതിവുപോലെ എല്ലാവരും വന്നു. വയറു നിറയെ കൊത്തിത്തിന്ന് പറന്നു പോയി. എന്നത്തെയും പോലെ മീട്ടു പറന്നു വന്നു. പാത്രം കൊത്തി താഴെയിട്ടു ശബ്ദം ഉണ്ടാക്കി.

വീട്ടുകാരിക്ക് കാര്യം മനസ്സിലായി. അവർ വീട്ടുകാരനോടു പറഞ്ഞു: "എനിക്ക് കാര്യം മനസ്സിലായി. സൂത്രപ്പണിയുള്ള ഒരു കാക്കയാണ് ഇങ്ങനെ എന്നെ പറ്റിച്ചുകൊണ്ടിരുന്നത്. ഞാൻ പാത്രം എടുത്ത് ഇങ്ങു കൊണ്ടുപോന്നു. ഇനി ഒന്നും കൊടുക്കില്ല."

വീട്ടുകാരൻ പറഞ്ഞു: "അങ്ങനെ പറയരുത്, ഒരാൾ ചെയ്ത തെറ്റിന് എല്ലാവരെയുംകൂടി ശിക്ഷിക്കരുത്. ഇന്നിനി സൂത്രക്കാരനായ കാക്കക്ക് ഒന്നും കൊടുക്കേണ്ട. അതുമതി; അപ്പോളവന് കാര്യം പിടികിട്ടും."

മീട്ടു ഇതെല്ലാം കേട്ടുകൊണ്ട് മാവിൻകൊമ്പത്ത് പതുങ്ങി ഇരിക്കുകയായിരുന്നു. അവനു മനസ്സിലായി, ഇനി സൂത്രപ്പണികൊണ്ട് രക്ഷയില്ലെന്ന്.

മീനു തൊട്ടുത്ത നെല്ലിമരത്തിൽ ഇരിക്കുകയായിരുന്നു. മീനുവും ഇതെല്ലാം കേട്ടു. അവൾ പറഞ്ഞു: "ഞാനന്നേ നിന്നോടു പറഞ്ഞില്ലേ, എല്ലാ ദിവസവും ഒരാളെ പറ്റിക്കാമെന്നു കരുതേണ്ടെന്ന്..."

മീട്ടുവിന് അവന്റെ തെറ്റു മനസ്സിലായി. പിറ്റെ ദിവസവും പതിവുപോലെ വീട്ടുകാരി ഭക്ഷണം കൊണ്ടുവെച്ചു. മീനുകാക്ക എല്ലാവരെയും വിളിച്ചപ്പോൾ ആദ്യം എത്തിയത് മീട്ടുവായിരുന്നു.

ഏഷ്യയിലെ നോബൽ സമ്മാനം എന്നറിയപ്പെടുന്ന പുരസ്കാരം– മഗ്സാസെ പുരസ്കാരം